# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1672      07.03.2018-ൽ മറുപടിക്ക്**

**<u>നിലമ്പൂർ നിയോജകമണ്ഡലത്തിലെ പാട്ടക്കരിമ്പ് കോളനിയിൽ മാവോയിസ്റ്റ് സാനിദ്ധ്യം</u>**

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. പി. വി. അൻവർ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) നിലമ്പൂർ നിയോജക മണ്ഡലത്തിൽ അമരമ്പലം ഗ്രാമപഞ്ചായത്തിലെ പാട്ടക്കരിമ്പ് ആദിവാസി കോളനിയിൽ അടുത്ത കാലത്ത് മാവോയിസ്റ്റ് സാന്നിദ്ധ്യം ഉണ്ടായിരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എടുത്ത നടപടി വിശദമാക്കുമോ; | (എ) പൂക്കോട്ടുംപാടം പോലീസ് സ്റ്റേഷൻ പരിധിയിലെ പാട്ടകരിമ്പ് കോളനിയുടെ സമീപപ്രദേശങ്ങളിൽ മാവോയിസ്റ്റ് സാന്നിദ്ധ്യത്തെ തുടർന്ന് പ്രസ്തുത സ്ഥലത്തും സമീപ പ്രദേശങ്ങളിലും പോലീസ് പട്രോളിംഗ് നടത്തുകയും പോലീസ് നിരീക്ഷണം ശക്തമാക്കുകയുമുണ്ടായി. |
| (ബി) പ്രസ്തുത കോളനിയിലെ ആദിവാസികളുടെ ക്ഷേത്രഭൂമി സ്വകാര്യ വ്യക്തി കയ്യേറി എന്ന പരാതിയിന്മേൽ സർക്കാർ എടുത്ത നടപടി വിശദമാക്കുമോ; | (ബി) പരാതിയിന്മേൽ നിലമ്പൂർ പോലീസ് ഇൻസ്പെക്ടറും, താലൂക്ക് സർവ്വേയറും അന്വേഷണം നടത്തി വരുന്നു |
| (സി) ആദിവാസികളുടെ ഭൂമികയ്യേറിയ വിഷയവും മാവോയിസ്റ്റുകളുടെ സാന്നിദ്ധ്യവും തമ്മിൽ ബന്ധമുള്ളതായി പത്രവാർത്തകൾ ഉണ്ടായിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ? | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

**സെക്ഷൻ ഓഫീസർ**